ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

സംശയാസ്പദമായ മരണത്തെപ്പറ്റി അന്വേഷണം

* 909. [50] ശ്രീ. എം. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര താലൂക്ക് അഴിയൂർ അംശത്തിലെ നാരായണിയുടെ മരണം സംശയാസ്പദമായ നിലയിലാണെന്നും ആകയാൽ അതുസംബന്ധമായി അന്വേഷണം നടത്തണമെന്നും കാണിച്ചുകൊണ്ട് മരിച്ച നാരായണിയുടെ അമ്മാമനായ ചന്തമ്മനിൽനിന്നു വല്ല ഹർജിയും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതുസംബന്ധമായി നടത്തിയ അന്വേഷണഫലം എന്താണ് ;

(സി) നാരായണിയുടെ ശവം പോസ്റ്റുമാർട്ടം നടത്തിയതു് ഏതു് ആശുപത്രിയിൽ വച്ചാണ് ;

(ഡി) പോസ്റ്റുമാർട്ടം റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നതു്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഉണ്ട്.

(ബി) അന്വേഷണത്തിൽ മുങ്ങിമരിച്ചതാണെന്നു തെളിഞ്ഞിട്ടുണ്ട്.

(സി) മയ്യഴി ആശുപത്രിയിൽ.

(ഡി) പോസ്റ്റുമാർട്ടം സർട്ടിഫിക്കറിൽ മുങ്ങിമരിച്ചതാണെന്നും സംശയകരമായ യാതൊന്നുമില്ലെന്നും മെഡിക്കൽ ആഫീസർ സർട്ടിഫൈ ചെയ്തിട്ടുണ്ട്.

ശ്രീ. എം. കൃഷ്ണൻ : അക്ടോബർ 30-ാം തീയതി ഒരു മരണത്തെ സംബന്ധിച്ചു് ഞാൻ ഒരു ഷാർട്ടനോട്ടീസ് ചോദ്യം അയച്ചിരുന്നു. അതു കൊല പാതകമാണെന്നു ധാരാളം തെളിവുള്ളതുകൊണ്ടു് അതിനെ സംബന്ധിച്ചു് പ്രത്യേകം അന്വേഷണം നടത്തുന്നതിനു ദയവുണ്ടാകുമോ ?

ശ്രീ. പി. ടി. ചാക്കോ : ഈ ചോദ്യം വേറൊരു കാര്യത്തെ സംബന്ധിച്ചാണ്. ഇതു് കണ്ടുപിടിച്ചതു് മാഹി പോലീസാണ്. വീട് നമ്മുടെ സ്റ്റേറിലായതുകൊണ്ട ഇവിടെയും അന്വേഷിച്ചു.

ശ്രീ. ഈ. പി. ഗോപാലൻ : ഇതു പോലെയുള്ള കാര്യങ്ങളിൽ വീണ്ടും അന്വേഷണം നടത്തണമെന്നു പറയാതിരിക്കണമെന്നു വിചാരിച്ചു് ചോദിക്കുകയാണ്. ഈ കാര്യത്തിൽ ഡാക്ടറുടെ സർട്ടിഫിക്കറു മാത്രമാണോ ആധാരമാക്കുന്നതു്. അങ്ങനെയാണെങ്കിൽ അതു് ഇവിടെ ചോദിക്കാതെ വേറേ എവിടെയെങ്കിലും അന്വേഷിച്ചറിയാം. ഡാക്ടർ സർട്ടിഫൈ, ചെയ്തിട്ടുണ്ടെന്നുള്ള രീതിയിൽ മാത്രമാണോ ഈ കാര്യത്തിൽ അന്വേഷണം നടത്തുക ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : ഡാക്ടർ ഇങ്ങനെയുള്ള കേസ്സുകളിൽ പ്രധാന സാക്ഷിയാണു്. മുങ്ങിമരിച്ചതാണെന്നു ഡാക്ടർ കോടതിയിൽ സർട്ടിഫിക്കറു കൊടുത്താൽ പിന്നെ അന്വേഷണംകൊണ്ടു പ്രയോജനമില്ല. എങ്കിലും അന്വേഷണം നടത്താറുണ്ടു്. രണ്ടു കേസ്സുകളിൽ ഡാക്ടർ സർട്ടിഫിക്കറിനു് എതിരായി ദേഹോപദ്രവത്തിനു് കേസ്സു ചാർജ്ജുചെയ്തിട്ടുണ്ടു്. അങ്ങനെ ബോദ്ധ്യപ്പെട്ടതുകൊണ്ടു് ചാർജ്ചെയ്തു. മാഹിയിലെ ആറ്റിൽ നിന്നാണു് ശവം എടുത്തതു്. വെള്ളം കുടിച്ചു് മരിച്ചതാണെന്നു് കണ്ടു.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : മുങ്ങിമരിച്ചതും, മുക്കിക്കൊന്നതും വെള്ളംകുടിച്ചു് മരിച്ചതാകുകയില്ലേ ?

ശ്രീ. പി. ടി. ചാക്കോ : മുക്കിക്കൊന്നതാകത്തക്ക സാഹചര്യമുണ്ടെങ്കിൽ കേസു അന്വേഷിച്ചു് അതു് തെളിവിൽ കൊണ്ടുവരണം.

ഡൻറൽ കാളേജിൽ നിന്നും പാസ്സായവർ

* 910. [51] ശ്രീ. ആർ. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളസംസ്ഥാനത്തിലെ തിരുവനന്തപുരം 'ഡൻറൽ' കാളേജിൽനിന്നും എത്രപേർ പരീക്ഷ പാസ്സായി;

(ബി) പാസ്സായവരുടെ പേരും മേൽവിലാസവും എന്താണു്;

(സി) ഒരു വിദ്യാർത്ഥിയുടെ പരിശീലനത്തിനു് എത്ര ഉറുപ്പിക വീതം ഗവണ്മെൻറിനു ചെലവായി;

(ഡി) ഇവർക്കു് ജോലി കിട്ടാതായിട്ടു് എത്രമാസമായി;

(ഇ) ഓരോ വിദ്യാർത്ഥിയും എത്ര കൊല്ലത്തെ പരിശീലനം നടത്തണം; ഇതിലേക്കു് അവർ എത്ര രൂപവീതം ചെലവഴിച്ചുകാണും?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) നാലുപേർ.

(ബി) 1. ഈ. കെ. പരമേശ്വരൻനായർ, എടഞ്ഞിലവീടു്, ഇരിമൂടു്, ആര്യനാടു്.

2. ആർ. ഹരിദാസു്, കരുണാകരാ ബിൽഡിംഗ്സു്, ആയിൽമിൽ റോഡു്, തമ്പാനൂർ, തിരുവനന്തപുരം.

3. കെ. ജെ. ബേസിൽ, കട്ടങ്ങംപറമ്പിൽ, ചെറിയ കടവു്. കണ്ണനാലി, പി. ഒ. കൊച്ചി.

4. വി. കെ. കലേശൻ, വയലിപ്പറമ്പിൽവീടു്, പുത്തൻ കാളനി, തേവര, എറണാകുളം.

(സി) കെട്ടിടത്തിനും ഉപകരണങ്ങൾക്കും പുറമേ ആണ്ടുതോറും ഉദ്ദേശം 1,800 രൂപവീതം 4 വർഷത്തേക്കു് 7,200 രൂപയോളം ഒരു വിദ്യാർത്ഥിക്കു് ഗവണ്മെൻറു ചെലവുചെയ്യുന്നു.

(ഡി) ഇവരിൽ ഒരാൾ ഒഴിച്ചു് ബാക്കിയുള്ളവർ ഇപ്പോൾ ഉദ്യോഗത്തിലാണു്.

(ഇ) നാലുകൊല്ലം. 6,400 രൂപയോളം.

ശ്രീ. കെ. ആർ. വിജയൻ: താലൂക്കു് ഹെഡ്ക്വാർട്ടേഴ്സു് ആശുപത്രികളിൽ ഡെൻറൽ യൂണിറ്റു സ്ഥാപിച്ചു് ഓരോ ഡാക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടിയെടുക്കാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly